**ക്ഷീരവികസന വകുപ്പ് ഡയറക്ടർ/ക്ഷീര സഹകരണ സംഘം രാജിസ്ട്രാറുടെ നടപടിക്രമം**

ഹാജർ:ശാലിനി ഗോപിനാഥ്

ക്ഷീരവികസന വകുപ്പ്- ഡയറക്ടറേറ്റ് - കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷന്റേയും മേഖലാ യൂണിയനുകളിലെയും ചെയർപേഴ്സൺമാരുടേയും ഭരണസമിതി അംഗങ്ങളുടെയും ഹോണറേറിയവും സിറ്റിംഗ് ഫീസും, മൈലേജ് അലവൻസും വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

---

ക്ഷീരവികസന വകുപ്പ്

നം. DDDKER/427/2026-C1 തിരുവനന്തപുരം,തീയതി:19-05-2026

---

പരാമർശം:- 1. കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ തീയതിയിലെ KCMMF/HO/P&I/170/2025/4488 നമ്പർ കത്ത്.

2. ക്ഷീരവികസനവകുപ്പ് ഡയറക്ടറുടെ 30/09/2021 തീയതിയിലെ DDDKER/2073/2021-C1 നമ്പർ ഉത്തരവ്.

3. ക്ഷീരവികസനവകുപ്പ് ഡയറക്ടറുടെ 28/09/2018 തീയതിയിലെ സി1/17471/2018 നമ്പർ സർക്കുലർ

4. ക്ഷീരവികസനവകുപ്പ് ഡയറക്ടറുടെ 2/12/2020 തീയതിയിലെ DDDKER/11662/2020 C1 നമ്പർ കത്ത്.

**ഉത്തരവ്**

കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റേയും മേഖലാ യൂണിയനുകളിലേയും ചെയർപേഴ്സൺമാരുടേയും ഹോണറേറിയവും ഭരണസമിതിയംഗങ്ങളുടെ സിറ്റിംഗ് ഫീസും വർദ്ധിപ്പിക്കുന്നതിന്, മേൽ പരാമർശം (1) പ്രകാരം അപേക്ഷിച്ചിട്ടുള്ളതാണ്. പരാമർശം (2) പ്രകാരമാണ് അവസാനമായി ഹോണറേറിയവും, സിറ്റിംഗ് ഫീസും, മൈലേജ് അലവൻസും വർദ്ധിപ്പിച്ചിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ ഫെഡറേഷൻ ചെയർപേഴ്സൺന്റെ നിലവിലുള്ള ഹോണറേറിയം പ്രതിമാസം 46,800/- രൂപയിൽ നിന്നും 60,800/- രൂപയായി വർദ്ധിപ്പിക്കുന്നതും മേഖലാ യൂണിയനുകളുടെ ചെയർപേഴ്സൺമാരുടെയും ഹോണറേറിയം നിലവിലുള്ള 32,800/- രൂപയിൽ നിന്നും 42600 /- രൂപയായി വർദ്ധിപ്പിക്കുന്നതും ഫെഡറേഷന്റെ ഭരണസമിതി അംഗങ്ങളുടെ നിലവിലുള്ള സിറ്റിംഗ് ഫീസ് 1875/- രൂപയിൽ നിന്നും 2600/- രൂപയായി വർദ്ധിപ്പിക്കുന്നതും മേഖലാ യൂണിയനുകളുടെ ഭരണസമിതി അംഗങ്ങളുടെ നിലവിലുള്ള സിറ്റിംഗ് ഫീസ് 1650/- രൂപയിൽ നിന്നും 2300/-രൂപയായി വർദ്ധിപ്പിക്കുന്നതും ഉചിതമായിരിക്കും എന്ന് കാണുന്നു.

കേരളാ കോ- ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലേയും, മേഖലാ യൂണിയനുകളിലേയും ഭരണ സമിതി അംഗങ്ങളുടെ ഔദ്യോഗിക യാത്രയ്ക്കുള്ള മൈലേജ് അലവൻസ്, പെട്രോൾ, ഡീസൽ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ വർദ്ധിപ്പിക്കുന്നതും ഉചിതമെന്ന് കാണുന്നു.

ഭരണസമിതി അംഗങ്ങളുടെ ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ് എസി ട്രെയിൻ നിരക്കോ തത്തുല്ല്യമായ നിരക്കോ, അല്ലെങ്കിൽ കിലോമീറ്ററിന് 15/- രൂപ മൈലേജ് അലവൻസോ

ആണ് നൽകി വരുന്നത് എന്നും, മൈലേജ് അലവൻസ് ആയി നൽകിവരുന്ന കിലോമീറ്ററിന് 15/- രൂപ എന്ന നിരക്ക്, നിലവിലെ ടാക്സി വാടകയുമായി കണക്കാക്കുമ്പോൾ അപര്യാപ്തമാണെന്നും, ആയതിനാൽ ഭരണസമിതി അംഗങ്ങളുടെ ഔദ്യോഗിക യാത്രകൾക്ക് സ്വന്തം/ടാക്സി വാഹനങ്ങൾക്ക് കിലോമീറ്ററിന് 18/- രൂപയോ യഥാർത്ഥ വാടകയോ ഏതാണോ കുറവ് അത് 01/04/2026 മുതൽ പ്രാബല്യത്തിൽ നൽകേണ്ടത് ഉചിതമാണെന്നും കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ചെയർപേഴ്സൺന്റെ ഹോണറേറിയം 60,800/- രൂപയായും (അറുപതിനായിരത്തി എണ്ണൂറ് രൂപ മാത്രം), മേഖലാ യൂണിയനുകളിലെ ചെയർപേഴ്സൺമാരുടെ ഹോണറേറിയം 42,600 രൂപയായും (നാല്പത്തി രണ്ടായിരത്തി അറുന്നൂറ് രൂപ മാത്രം), കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ഭരണസമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസ് 2600 രൂപയായും (രണ്ടായിരത്തി അറുന്നൂറ് രൂപ മാത്രം), മേഖലാ യൂണിയനുകളുടെ ഭരണസമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസ് 2300 രൂപയായും (രണ്ടായിരത്തി മുന്നൂറ് രൂപ മാത്രം) വർദ്ധിപ്പിച്ചും, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെയും, മേഖലാ യൂണിയനുകളിലെയും ഭരണസമിതി അംഗങ്ങളുടെ ഔദ്യോഗിക യാത്രയ്ക്കുള്ള മൈലേജ് അലവൻസ് സ്വന്തം/ടാക്സി വാഹനങ്ങൾക്ക് കിലോമീറ്ററിന് 18 രൂപയോ (പതിനെട്ട് രൂപ മാത്രം) യഥാർത്ഥ വാടകയോ ഏതാണോ കുറവ് എന്നതാക്കി വർദ്ധിപ്പിച്ചും ഇതിനാൽ ഉത്തരവാകുന്നു.

<u>**പൊതുവ്യവസ്ഥകൾ**</u>

1. പരാമർശം (3) സർക്കുലർ (4) കത്ത് എന്നിവ പ്രകാരം രജിസ്ട്രാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളും ഫെഡറേഷൻ/ മേഖലാ യൂണിയൻ ബൈലോ വ്യവസ്ഥകളും പാലിച്ചാണ് ഭരണസമിതി യോഗങ്ങൾ നടത്തുന്നതെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. അപ്രകാരം നടത്തുന്ന ഭരണസമിതി യോഗങ്ങൾക്ക് മാത്രമേ മേൽ പരാമർശിക്കുന്ന വിധത്തിലുള്ള യാത്രാബത്ത, സിറ്റിംഗ് ഫീ എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

2.ഓണറേറിയം കൈപ്പറ്റുന്ന കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ-മേഖലാ യൂണിയൻ ചെയർപേഴ്സൺമാർ, ഭരണസമിതി അംഗങ്ങൾ എന്നിവർക്ക് സ്ഥാപനത്തിന്റെ ആസ്ഥാനത്തു നിന്ന് 8 കിലോമീറ്റർ വരെയുള്ള യാത്രയ്ക്ക്, യാത്രാബത്തയ്ക്ക് അർഹതയുണ്ടയിരിക്കുന്നതല്ല.

3. ഭരണ സമിതി യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് പുറമേ സിറ്റിംഗ് ഫീസിനും അർഹതയുണ്ടായിരിക്കും.

4. ഫെഡറേഷൻ / യൂണിയൻ്റെ വ്യാപാര ആവശ്യത്തിനായി യാത്ര ചെയ്യേണ്ടി വരുന്ന ഭരണസമിതി അംഗങ്ങൾക്ക് യാത്രബത്തയ്ക്കും അർഹത ഉണ്ടായിരിക്കും.

5.സ്ഥാപനത്തിന്റെ വാഹനം ഉപയോഗിക്കുന്നവർക്കും സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള വാഹനം ഉപയോഗിക്കുന്ന ഭരണ സമിതി അംഗങ്ങൾക്കും യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇവർക്ക് അതാത് സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള ഇൻസിഡന്റൽ എക്സ്പെൻസിന് അർഹത യുണ്ടായിരിക്കും (8 കിലോമീറ്ററിന് പുറത്ത് യാത്ര ചെയ്യുന്ന പക്ഷം പ്രസ്തുത തുക ഏറ്റവും കുറഞ്ഞത് പകുതി ദിനബത്ത ആയിരിക്കും)

6. ഭരണസമിതി അംഗങ്ങൾക്ക് അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് അനുവദനീയമായ നിരക്കിലുള്ള ഹാൾട്ട് ഡി. എ. യ്ക്ക് അർഹത ഉണ്ടായിരിക്കും.

7. പരിഷ്കരിച്ച നിരക്കിന് 01/04/2026 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

Digitally signed by
SALINI GOPINATH
Date: 19-05-2026
20:28:52

**ക്ഷീര വികസന വകുപ്പ് ഡയറക്ടർ/**

**ക്ഷീര സഹകരണ സംഘം രാജിസ്ട്രാർ**

To,

മാനേജിംഗ് ഡയറക്ടർ,
കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ

മാനേജിംഗ് ഡയറക്ടർ,
തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ

മാനേജിംഗ് ഡയറക്ടർ,
എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ

മാനേജിംഗ് ഡയറക്ടർ

മലബാർ മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ

പകർപ്പ്ഃ- 1) ചെയർപേഴ്സൺ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
2 . ചെയർപേഴ്സൺ, തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ

3. ചെയർപേഴ്സൺ, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
4. ചെയർപേഴ്സൺ, മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
5. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
6.അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ/ എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ/ മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
7.ജോയിന്റ് ഡയറക്ടർ (ജനറൽ), ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
8.ഗവൺമെന്റ് നോമിനികൾ, തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ/ എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ/ മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
9.ഡയറക്ടറുടെ സി.എ.
10.സി, ഡി, ജി സെക്ഷൻ സൂപ്രണ്ടുമാർക്ക്
9..സി2, സി3, ജി1, ജി2 സീറ്റുകൾ
10.സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)